PAN/3936/2022-E5(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ, നന്ദൻകോട്**
**കവടിയാർ പി.ഒ – 695003 തിരുവനന്തപുരം**
**directorofpanchayatsestt@gmail.com**
**0471-2786326 തീയതി : 26/04/2022**

## <u>നോട്ടീസ്</u>

വിഷയം : പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം- തൃശ്ശൂർ ജില്ല- സീനിയർ ക്ലാർക്ക് പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടന്‍ ശ്രീമതി. ശ്രീകല വി.ആർ. -ന്റെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുനക്രമീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന:

1. ശ്രീമതി. ശ്രീകല വി.ആർ-ൻറെ ഭർത്താവ് ശ്രീ. രാജേഷ് വി.ആർ ബഹു. മുഖ്യമന്ത്രി മുമ്പാകെ 31.12.2020 തീയതിയിൽ സമർപ്പിച്ച പരാതി.
2. 27.04.2009 തീയതിയിലെ എസ്1-15571/07 നമ്പർ സീനിയോരിറ്റി ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 15.02.2022 തീയതിയിലെ PAN/8350/2022-E6(DP) നമ്പർ ഉത്തരവ്.
4. 23.05.2018 തീയതിയിലെ ഇ 5-38675/2017 നമ്പർ സീനിയോരിറ്റി ഉത്തരവ്.

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടൻറ് ശ്രീമതി ശ്രീകല വി.ആർ.-ൻറെ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി സൂചന (1) അപേക്ഷയുടെയും അനുബന്ധങ്ങളുടെയും അടിസ്ഥാനത്തിൽ 01.01.2003 മുതൽ 30.06.2008 വരെയുള്ള കാലയളവിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോരിറ്റി അന്തിമമാക്കിയ സൂചന(2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ സൂചന(3) പ്രകാരം 1442(1) ആയി പുനർ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ പുനർനിർണ്ണയിച്ച ക്ലാർക്ക് തസ്തികയിലെ സ്ഥാനക്രമത്തിൻറെ അടിസ്ഥാനത്തിൽ ശ്രീമതി ശ്രീകല വി.ആർ.-ൻറെ സീനിയർ ക്ലാർക്ക് തസ്തികയിലെയും സീനിയോരിറ്റി പുനക്രമീകരിക്കേണ്ടതായി കാണുന്നു. സീനിയോരിറ്റി പുനക്രമീകരിച്ചതിൻറെയും സ്ഥാനക്കയറ്റ ഉത്തരവുകൾ പരിശോധിച്ചതിൻറെയും അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിലെ ശ്രീമതി ശ്രീകല വി.ആർ.-ൻറെ ജൂനിയറായ ശ്രീമതി ജയശ്രീ ആർ.കെ (ഫീഡർ കാറ്റഗറി നം- 1443) എന്നവർക്ക് 23.05.2018 തീയതിയിലെ ഇ 5-38675/2017 നമ്പർ ഉത്തരവ് പ്രകാരമുള്ള 01.01.2009 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെ സീനിയോരിറ്റി പട്ടികയിൽ 16.10.2009 തീയതിയായി റിവൈസ്ഡ് പ്രൊമോഷൻ കാണിച്ച് 224 ആയി സ്ഥാനക്രമം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടൻറ് ശ്രീമതി ശ്രീകല .വി.ആറിന് സൂചന(4) ഉത്തരവ് പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ സ്ഥാനക്രമം 224 ആയിട്ടുള്ള ശ്രീമതി ജയശ്രീ ആർ.കെ. എന്നയാൾക്ക് മുമ്പിലായും സ്ഥാനക്രമം 223 ആയിട്ടുള്ള ശ്രീ. അരുൺ ഇ.കെ. -ക്ക് ശേഷവും സ്ഥാനക്രമം പുനക്രമീകരിച്ച് നൽകാവുന്നതാണെന്ന് കാണുന്നു.

| | | | | | | |
|---|---|---|---|---|---|---|
| 223 | Arun. E.K | 12-12-1979 | 1441 | Jan-06 | Jan-06 | 16-10-09 |
| 223(1) | Sreekala.V.R | 09-03-1976 | 1442(1) | Jan-07 | Jan-09 | 16-10-09 |
| 224 | Jayasree R K | 25-05-64 | 1443 | Jan-08 | Jan-08 | 16-10-09 |

ഇപ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ള ജീവനക്കാർ ബന്ധപ്പെട്ട രേഖകൾ സഹിതം ആക്ഷേപം 15 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
H. DINESHAN IAS
DIRECTOR OF PANCHAYATH

<u>പകർപ്പ്:-</u>

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ജീവനക്കാരും നോട്ടീസ് കണ്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്)
2. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും, (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
3. ശ്രീമതി ശ്രീകല വി.ആർ., സീനിയർ ക്ലാർക്ക്, പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
4. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
4. കരുതൽ / അധികം

Signature Not Verified

Digitally signed by Dineshan H
Date: 2022.04.26 21:20:09 IST
Reason: Approved